LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16-8-2014-ലെ സ.ഉ.(എംഎസ്.)നമ്പർ 228/14/പൊ.ഭ.) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് 5-1-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 1/15/പൊ.ഭ.വ, (8-1-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 09/15/പൊ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

50 (55) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിരുദ നിലവാരത്തിലുള്ള പരീക്ഷ എഴുതി നേരിട്ടു നിയമനം നേടുന്ന തസ്തികകളെയും അതിന്റെ പ്രൊമോഷൻ തസ്തികകളെയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നും ഒഴിവാക്കുമോ;

(ബി) പഞ്ചായത്ത് സെക്രട്ടറിമാർ, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാർ, ബി.ഡി.ഒ.-മാർ, സെക്രട്ടറിയറ്റ് / എൽ.എഫ്.എ.ഡി / അഡ്വ. ജനറൽ ഓഫീസ് എന്നിവയുടെ പ്രൊമോഷൻ തസ്തികകളിൽ നിന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ ഒഴിവാക്കുമോ?

ഉത്തരം

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16-8-2014-ലെ സ.ഉ.(എംഎസ്.)നമ്പർ 228/14/പൊ.ഭ.) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (5-1-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 1/15/പൊ.ഭ.വ. 8-1-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 09/15/പൊ.ഭ.വ.) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.